നൽകുന്നതിനായി ജംഷഡ്പൂരിലെ ടാറ്റാ ആർച്ചറി അക്കാഡമി സന്ദർശിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാർ ലഭ്യമാക്കിയ 8 ഏക്കർ സ്ഥലത്ത് ആർച്ചറി അക്കാഡമി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് നൽകുന്നതിനും താൽക്കാലികമായി ഷെഡ് പണിത് അക്കാഡമി പ്രവർത്തനം ആരംഭിക്കുന്നതിന് വയനാട് ജില്ലാ സ്പോർട്സ് കൗൺസിലിന് ഫണ്ട് ലഭ്യമാക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് അനുവദിച്ച തുക

272 (869) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സ്പോർട്സ് കൗൺസിൽ, കായികയുവജനകാര്യാലയം എന്നിവ മുഖാന്തിരം അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

273 (870) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) നിർദ്ദിഷ്ട ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly